# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: റ്റി.ആർ1-026784/2006

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി : 15.09.2017.

**അഭിനന്ദനപത്രം**

വിഷയം: **ഓണക്കാലത്തോടനുബന്ധിച്ച് സർവ്വീസ് ഓപ്പറേഷൻ വിജയകരമായി നടത്തിയത് സംബന്ധിച്ച് -**

ഈ വർഷത്തെ ഓണക്കാലത്തോടനുബന്ധിച്ച് ചീഫ് ഓഫീസ് നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും യാത്രക്കാരുടെ ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിന് അഹോരാത്രം പരിശ്രമിച്ച എല്ലാ വിഭാഗം ജീവനക്കാരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ കാലയളവിൽ അന്തർസംസ്ഥാന സർവ്വീസുകളും പ്രത്യേക സർവ്വീസുകളും ഫലപ്രദമായി ക്രമീകരിച്ച് കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തത് വഴി മികച്ച വരുമാനവും കൂടുതൽ ജനസമ്മതിയും നേടുവാൻ നമുക്ക് കഴിഞ്ഞത് അഭിമാനാർഹമാണ്.

ഓണം വാരാഘോഷം നടന്ന തിരുവനന്തപുരം നഗരപരിധിയിൽപ്പെടുന്ന യൂണിറ്റുകളിലെ ജീവനക്കാരുടെ സേവനം പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് പരമാവധി സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുവാനും, ജനങ്ങളുടെ പ്രശംസയ്ക്ക് അർഹമാകുവാനും കഴിഞ്ഞത് ജീവനക്കാരുടെയും ആഫീസർമാരുടെയും ലക്ഷ്യബോധത്തോടെയുള്ള കൂട്ടായ പ്രവർത്തനം കൊണ്ട് മാത്രമാണ്. യാത്രക്കാർക്ക് പരാതിയില്ലാതെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ കാര്യക്ഷമമായി പ്രവർത്തിച്ച എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രത്യേകിച്ച് യൂണിറ്റധികാരികളുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പങ്ക് വളരെ പ്രശംസനീയമാണ്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യുടെ യശസ്സ് ഉയർത്തുന്നതിന് ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ ആഫീസർമാരെയും ജീവനക്കാരെയും ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു.

ഇത്തരത്തിൽ ആത്മവിശ്വാസത്തോടും ലക്ഷ്യബോധത്തോടും കൂടിയുള്ള ജീവനക്കാരുടെ കൂട്ടായ പ്രവർത്തനം കെ.എസ്.ആർ.ടി.സി.യെ പുരോഗതിയിലേയ്ക്ക് നയിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് കഴിയട്ടെയെന്നും ആശംസിക്കുന്നു.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

15/9/17

എല്ലാ യൂണിറ്റധികാരികൾക്കും - നോട്ടീസ് ബോർഡിൽ വലുതാക്കി പ്രദർശിപ്പിക്കുന്നതിലേക്ക്

പകർപ്പ്:-

എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും
**ചീഫ് ആഫീസിലെ എല്ലാ വിഭാഗങ്ങൾക്കും ആഫീസർമാർക്കും**